**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6390** **10-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ അധ്യാപക ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രധാനാധ്യാപകരുടെ ഒഴിവുകൾ നികത്തിയിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുമ്പോൾ നിലവിലുള്ള അധ്യാപക ഒഴിവ് വർദ്ധിക്കുന്ന സാഹചര്യമുണ്ടോ; വിശദാംശം നൽകുമോ; | (എ) | മലപ്പുറം ജില്ലയിലെ ഹൈസ്കൂൾ തലത്തിലുള്ള പ്രഥമ അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തിവരുന്നു. എന്നാൽ പ്രൈമറി തലംവരെയുള്ള പ്രഥമ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സർക്കാർ സർക്കുലർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തിരുന്നു. എന്നാൽ പ്രഥമ അദ്ധ്യാപകരുടെ ക്ഷാമം കാരണം സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്ന് കണ്ടതിനാൽ പ്രധാനാധ്യാപക തസ്തികയിൽ താല്ക്കാലികാടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഡയറക്ടർ പുറപ്പെടുവിച്ച കത്തും ഡപ്യൂട്ടി ഡയറക്ടർമാർ പുറപ്പെടുവിച്ച ഉത്തരവുകളും ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27.10.2021 -ൽ സ്റ്റേ ചെയ്യുകയുണ്ടായി. ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുമ്പോൾ തൽഫലമായി എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. തസ്തികകളുടെ ഒഴിവുകൾ വർദ്ധിക്കും. പ്രധാനാധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്ന മുറയ്ക്ക് അധ്യാപക ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത അധ്യാപക നിയമനത്തിന് പി.എസ്.സി. പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനാൽ മുഴവൻ ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | മലപ്പുറം ജില്ലയിലെ ഹൈസ്കൂൾ തലത്തിലുള്ള പ്രഥമ അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തിവരുന്നു. എന്നാൽ പ്രൈമറി തലംവരെയുള്ള പ്രഥമ അദ്ധ്യാപകരുടെ സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സർക്കാർ സർക്കുലർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തിരുന്നു. എന്നാൽ പ്രഥമ അദ്ധ്യാപകരുടെ ക്ഷാമം കാരണം സ്കൂളുകളുടെ ദൈനംദിന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്ന് കണ്ടതിനാൽ പ്രധാനാധ്യാപക തസ്തികയിൽ താല്ക്കാലികാടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഡയറക്ടർ പുറപ്പെടുവിച്ച കത്തും ഡപ്യൂട്ടി ഡയറക്ടർമാർ പുറപ്പെടുവിച്ച ഉത്തരവുകളും ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 27.10.2021 -ൽ സ്റ്റേ ചെയ്യുകയുണ്ടായി. ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുമ്പോൾ തൽഫലമായി എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.ടി. തസ്തികകളുടെ ഒഴിവുകൾ വർദ്ധിക്കും. പ്രധാനാധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്ന മുറയ്ക്ക് അധ്യാപക ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ